LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പിലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

316 (1350) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ ;

(ബി) പൊതുമരാമത്ത് വകുപ്പ് ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് റോഡ് നവീകരണത്തിന് കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ചുള്ള കണക്ക് നൽകാമോ ;

(സി) പ്രസ്തുത ഫണ്ട് വിതരണത്തിൽ പക്ഷപാതപരമായ നിലപാട് സ്വീകരിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്ത് മാനദണ്ഡപ്രകാരമാണ് ഫണ്ട് അനുവദിച്ചത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് റോഡുകളുടെ ശോചനീയാവസ്ഥ ചൂണ്ടിക്കാട്ടി പൊതുജനങ്ങളിൽനിന്നും ജനപ്രതിനിധികളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ചാണ് റോഡിന്റെ ഉപരിതലം പുതുക്കുന്നതിനും അറ്റകുറ്റ പണികൾക്കുമായുള്ള ഫണ്ട് അനുവദിക്കുന്നത്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പൊതുമരാമത്ത് വിഭാഗത്തിന്റെ പുതിയ പദ്ധതികൾ

317 (1351) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിനും പുതിയ പാലങ്ങളുടെ നിർമ്മാണത്തിനുമായി പൊതുമരാമത്ത് വിഭാഗം എന്തെല്ലാം പുതിയ പദ്ധതികളാണ് തയ്യാറാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) സംസ്ഥാനത്തെ 60 റോഡുകളും 100 പാലങ്ങളും നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം റോഡുകളും പാലങ്ങളുമാണ് നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 400 ദിവസത്തിനകം 100 പാലങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ട 106.2 കി.മീ. റോഡുകളുടെ പുനരുദ്ധാരണത്തിനായി 279.31 കോടി രൂപയുടെ പദ്ധതി RICK എന്ന സ്ഥാപനം മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ദേശീയപാതകളുടെ വികസനത്തിനായി 2015-16 സാമ്പത്തിക വർഷത്തെ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ 2365.72 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ മേൽപ്പാലങ്ങൾ, റിംഗ് റോഡുകൾ, ബൈപ്പാസുകൾ എന്നിവ നിർമ്മിക്കാനാണ് സ്റ്റീഡ് കേരള പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 23 പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ആദ്യഘട്ടത്തിലെ 10 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 5 പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. ഇത് കൂടാതെ DFIP (District Flagship Infrastructure Project) പദ്ധതിയിൽ, 3771.47 കോടി രൂപ ചെലവിൽ 21 പദ്ധതികൾക്ക് തത്ത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 400 ദിവസത്തിനകം 100 പാലങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 89 പാലങ്ങളുടെ നിർമ്മാണത്തിനായി നിരത്തുകളും പാലങ്ങളും വിഭാഗത്തിൽനിന്നും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. (ഇതിൽ 15 പാലങ്ങൾ പൂർത്തീകരിച്ചു.) ബാക്കിയുള്ള 11 പാലങ്ങൾ NH, RBDCK തുടങ്ങിയ ഏജൻസികൾ വഴി നടപ്പിലാക്കിവരുന്നു. പ്രസ്തുത പാലങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു. സംസ്ഥാനത്ത് 60 റോഡുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിലില്ല.

പൊന്നുമരാമത്ത് കരാറുകാർക്കുള്ള കുടിശ്ശിക തുക

318 (1352) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുമരാമത്ത് കരാറുകാർക്ക് ഈ സർക്കാർ എത്ര കോടി രൂപ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ ; കാസർഗോഡ് ജില്ലയിൽ എത്ര കോടി രൂപ നൽകാനുണ്ടെന്നും വ്യക്തമാക്കാമോ ?

---

* ഈ ക്വസ്റ്റ്യൻ വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly